

# ചാവറ നക്ഷത്രം

ഫാ. ജോഷി കണ്ണൂക്കാടൻ CMI

Kl. 577
5949.

CARMEL JYOTHI
ALWAYE
THAIKKATTUKARA



# ചാവറ നക്ഷത്രം

ഫാ. ജോഷി കണ്ണൂക്കാടൻ CMI

പള്ളി തോറും പള്ളിക്കൂടങ്ങൾ സ്ഥാപിച്ച്
അക്ഷരകേരളത്തിന്റെ ആചാര്യനായി മാറിയ
ചാവറയച്ചാ നമോവാകം............




| | | |
|---|---|---|
| Name of the Book | : | CHAVARANAKSHATRAM |
| Author | : | Fr. Joshy Kannukaden CMI |
| Published by | : | Fr. Jose Chittilappilly CMI<br>General Councillor<br>Education & Media of Communication<br>CMI Prior General's House<br>Kochi-682 011 |
| First Edition | : | June 2001 |
| Second Edition | : | June 2002 |
| Third Edition | : | November 2004 |
| Cover | : | David Thekkiniyath |
| Type setting | : | Smritidesign, Ph:0487-2421229 |
| Printed at | : | Hebron Offset, Ph: 0487-360992 |
| Nihil Obstat | : | Rev. Dr. Antony Manjaly |
| Imprimatur | : | **Bishop Mar James Pazhayattil** |


Copy right reserved

# 1



# വളർച്ചയുടെ പാതയിൽ

## ജനനവും ബാല്യവും

കേരളത്തിലെ പ്രകൃതിരമണീയമായ കുട്ടനാട്ടിലെ കൈനകരി എന്ന കൊച്ചുഗ്രാമത്തിലാണ് വാഴ്ത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ജനിച്ചത്. 1805 ഫെബ്രുവരി 10-ാം തിയ്യതി കുറിയാക്കോ, മറിയം എന്നീ ദമ്പതിമാരിൽ നിന്നും ജന്മം കൊണ്ട ആ പിഞ്ചുകുഞ്ഞിന്റെ ഓമനത്വം തുളുമ്പുന്ന മുഖത്ത് വിശുദ്ധിയുടെ വെള്ളിനക്ഷത്രം ദർശിക്കാൻ ആ മാതാപിതാക്കന്മാർക്കു കഴിഞ്ഞു. അതിനാൽ കുഞ്ഞു കുര്യാക്കോസിനെ വിശുദ്ധിയിലും വിജ്ഞാനത്തിലുമാണ് മാതാപിതാക്കന്മാർ വളർത്തിക്കൊണ്ടുവന്നത്. 1805 ഫെബ്രുവരി 18-ാം തിയ്യതി കുര്യാക്കോസിന് ചേന്നങ്കരി ദേവാലയത്തിൽവെച്ച് ജ്ഞാനസ്നാനം നല്കി. അധികനാൾ കഴിയുന്നതിനു മുമ്പേ ദൈവമാതൃഭക്തയായ ചാവറയച്ചന്റെ അമ്മ പ്രസിദ്ധമായ വെച്ചൂർ പള്ളിയിൽ ദൈവമാതാവിന് തന്റെ പൊന്നോമന പുത്രനെ അടിമ വെച്ചു. അന്നുമുതൽ ദൈവമാതാവിന്റെ പ്രത്യേക വാത്സല്യത്തിൽ ചാവറയച്ചൻ വളരുകയായിരുന്നു. അമ്മിഞ്ഞപ്പാലിനോടൊപ്പം പ്രാർത്ഥനയുടെ ആദ്യാക്ഷരങ്ങൾ പകർന്നു കൊടുക്കാൻ പെറ്റമ്മ മറന്നില്ല. പിഞ്ചിളം പ്രായത്തിൽ പ്രാർത്ഥനയുടെ മധുരമൊഴികൾ കേട്ടുവളർന്ന കൊച്ചു കുര്യാക്കോസിന്റെ ഹൃദയം ദൈവഭക്തിയാൽ നിറഞ്ഞു കവിഞ്ഞിരുന്നു.

ഏവർക്കും നന്മ ചെയ്ത ആ കൊച്ചുബാലൻ കൈനകരിക്കാർക്ക് ഒരു മാലാഖയായിത്തീർന്നു. ഭക്തിചൈതന്യവും പ്രായത്തിനൊത്ത വിവേകവും ആ കുഞ്ഞിളം മനസ്സിൽ ചെറുപ്പത്തിലേ തന്നെ നാമ്പെടുത്തിരുന്നു. കോമളനും സത്സ്വഭാവിയുമായ കുരിയാച്ചന്റെ പുഞ്ചിരി ഏതു കഠിനഹൃദയനെയും അലിയിപ്പിക്കാൻ പോരുന്നതായിരുന്നു. നിഷ്കളങ്കനായ ചാവറയുടെ സൗഹൃദം ഏവരും ഇഷ്ടപ്പെട്ടു.

അഞ്ചാമത്തെ വയസ്സിൽ അറിവിന്റെ നിറവ് പകരുന്ന അക്ഷരങ്ങളുടെ ലോകത്തേക്ക് മാതാപിതാക്കന്മാർ കൊച്ചു ചാവറയെ കൈപിടി

ച്ചു നടത്തി. ആശാന്റെ കളരിയിൽ അരി നിരത്തി യേശുദേവായ നമഃ എന്ന് ചൂണ്ടുവിരൽ കൊണ്ട് എഴുതി ചാവറയച്ചൻ വിദ്യാരംഭം കുറിച്ചു. ആശാൻ കളരിയിൽ എഴുത്തിനിരുന്ന ചാവറയച്ചൻ പിന്നീട് അക്ഷരലോകത്തിന്റെ ആചാര്യനായി മാറി.

## ദൈവസ്വരത്തിന് കാതോർത്ത്

ആശാൻ കളരിയിലെ അഞ്ചുവർഷത്തെ വിദ്യാഭ്യാസം ചാവറയച്ചന് മലയാളം, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിൽ ശരിയായ വ്യുൽപത്തി നേടിക്കൊടുത്തു. സമർത്ഥനായ ചാവറയച്ചൻ പഠനത്തിൽ എല്ലാവരെക്കാളും മുന്നിലായിരുന്നു. പക്ഷേ ഉപരിപഠനത്തിന് ഒരു മാർഗ്ഗവും കാണാതെ വിജ്ഞാനദാഹം നിറഞ്ഞ ആ കുഞ്ഞുമനസ്സ് ഒത്തിരി വേദനിച്ചു.

ഉപരിപഠനത്തിന് പോകാൻ കഴിഞ്ഞില്ലെങ്കിലും ചാവറയച്ചൻ ധാരാളം നല്ല പുസ്തകങ്ങൾ വായിച്ചിരുന്നു. തന്റെ പഠനത്തിനിടയിലും മാതാപിതാക്കന്മാരെ സഹായിക്കാനും സുഹൃത്തുക്കളുമായി സൗഹൃദം പങ്കുവെക്കാനും ചാവറയച്ചൻ മറന്നില്ല.

ഒരു ദിവസം പള്ളിപ്പുറം സെമിനാരിയിലെ ഗുരുവായിരുന്ന പാലക്കൽ തോമ്മാ മല്പാനച്ചൻ തന്റെ ഇളയമ്മയെ കാണാൻ കൈനകരിയിലെ കാളാശ്ശേരി വീട്ടിൽ വന്നു. അവിടെ വെച്ച് യാദൃച്ഛികമായി തോമ്മാ മല്പാനച്ചൻ കൊച്ചുകുര്യാക്കോസിനെ കണ്ടു. പ്രഥമ ദർശനമാത്രയിൽ ആ ബാലനിൽ തോമ്മാ മല്പാനച്ചൻ ദൈവിക ചൈതന്യം നിറഞ്ഞു നില്ക്കുന്നത് അനുഭവിച്ചു. ഉടനെ കുട്ടിയുടെ മാതാപിതാക്കന്മാരെ കാണാൻ മല്പാനച്ചൻ ചാവറ കുടുംബത്തിൽ ചെന്നു. കൊച്ചുകുര്യാക്കോസിനെ തന്റെ കൂടെ സെമിനാരിയിലേക്ക് പരിശീലനത്തിനയക്കാൻ ആവശ്യപ്പെട്ടു. സെമിനാരിയിൽ ചേർന്ന് ഒരു വൈദികനായി സേവനം ചെയ്യാൻ അതിയായ ആഗ്രഹമുണ്ടായിരുന്ന കൊച്ചുകുര്യാക്കോസിന് മല്പാനച്ചന്റെ നിർദ്ദേശം ഏറെ ഇഷ്ടപ്പെട്ടു. ആ മനസ്സ് സന്തോഷത്താൽ തുള്ളിച്ചാടി.

കൊച്ചുകുര്യാക്കോസിന്റെ ജ്യേഷ്ഠൻ രോഗിയായിരുന്നതിനാൽ മാതാപിതാക്കന്മാരുടെ പ്രതീക്ഷ കുര്യാക്കോസിലായിരുന്നു. അതിനാൽ കുര്യാക്കോസിനെ സെമിനാരിയിലേക്കയക്കാൻ മാതാപിതാക്കൾക്ക് യാതൊരു താല്പര്യവുമില്ലായിരുന്നു. വൈമനസ്യത്തോടെയാണെങ്കിലും പാലയ്ക്കൽ തോമ്മാ മല്പാനച്ചന്റെ സ്നേഹപൂർവ്വമായ

നിർബ്ബന്ധത്തിനുവഴങ്ങി കുര്യാക്കോസിനെ പതിമൂന്നാമത്തെ വയസ്സിൽ പള്ളിപ്പുറം സെമിനാരിയിലേക്കയച്ചു. നീണ്ട പതിനാലു വർഷം സെമിനാരിയിൽ പരിശീലനം നേടി. തത്വശാസ്ത്ര-ദൈവശാസ്ത്രപഠനത്തിനുപുറമെ സുറിയാനി, ലത്തീൻ, ഇറ്റാലിയൻ, പോർത്തുഗീസ് എന്നീ ഭാഷകളിൽ കുര്യാക്കോസ് വ്യുൽപത്തിനേടി.

ജീവിതത്തിൽ പരീക്ഷണങ്ങൾ ഉണ്ടാവുക സ്വാഭാവികം. തന്റെ ദൈവവിളിക്ക് വിഘ്നമാകുന്ന രീതിയിൽ കുര്യാക്കോസ് ശെമ്മാശനും ഒരു പരീക്ഷണം ഉണ്ടായി. അടുത്തടുത്ത് അദ്ദേഹത്തിന്റെ അപ്പനും അമ്മയും ഏകസഹോദരനും മരണമടഞ്ഞു. ഇത് കുര്യാക്കോസിന് താങ്ങാവുന്നതിൽ ഏറെയായിരുന്നു. സഹോദരന്റെ മരണത്തിലൂടെ ചാവറ കുടുംബം അന്യം നിന്നുപോകും എന്ന സ്ഥിതിയിലായി. തറവാട് അന്യം നിന്നുപോകാതിരിക്കാൻ കുര്യാക്കോസ് വീട്ടിലേക്ക് തിരിച്ച് വന്ന് വിവാഹജീവിതം ആരംഭിക്കണമെന്ന് ബന്ധുക്കൾ നിർബന്ധിച്ചു. എന്നാൽ പരിശുദ്ധ അമ്മയോടുള്ള പ്രാർത്ഥനയിൽനിന്നും ശക്തി സംഭരിച്ച് ഈശോയുടെ വിശ്വസ്തനായ പുരോഹിതനാകാൻ കുര്യാക്കോസ് ഉറച്ച തീരുമാനമെടുത്തു.

ദൈവത്തിന്റെ കൃപയാൽ 1829-ൽ കുര്യാക്കോസ് ശെമ്മാശ്ശൻ തന്റെ വൈദികപഠനം പൂർത്തിയാക്കി. 24-ാമത്തെ വയസ്സിൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കാ മൗറിലിയൂസ് സ്റ്റബിലീനി മെത്രാന്റെ കൈയ്വെപ്പുവഴി കുര്യാക്കോസ് ശെമ്മാശ്ശൻ ക്രിസ്തുവിന്റെ പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടു.



# 2 ചാവറയച്ചന്റെ പ്രേഷിത ചൈതന്യം

## സന്യാസസമൂഹസ്ഥാപകൻ

ഭാരതത്തിലും വിദേശത്തും സേവനത്തിന്റെ പാത പുണർന്നുകൊണ്ട് അനേകായിരങ്ങൾക്ക് സ്നേഹശുശ്രൂഷചെയ്യുന്ന സി.എം.ഐ. (Carmelites of Mary Immaculate), സി.എം.സി.

(Congregation of the Mother of Carmel) എന്നീ സന്യാസസമൂഹങ്ങളുടെ സ്ഥാപകൻ വാഴ്ത്തപ്പെട്ട ചാവറയച്ചനാണ്. സി.എം.ഐ. സഭാസ്ഥാപനത്തിൽ പോരൂക്കര തോമ്മാച്ചനും പാലയ്ക്കൽ തോമ്മാച്ചനും ചാവറയച്ചനോടൊപ്പമുണ്ടായിരുന്നു. 1831 മെയ് 11-ാം തിയ്യതി മാന്നാനം കുന്നിൽ ആരംഭിച്ച സി.എം.ഐ. സന്യാസസമൂഹത്തിന് ഔദ്യോഗികമായി അംഗീകാരം ലഭിച്ചത് 1855 ഡിസംബർ 8-ാം തിയ്യതിയാണ്. ഈ സന്യാസ സമൂഹങ്ങളുടെ ലക്ഷ്യം മനുഷ്യരിൽ ദൈവസാക്ഷാത്ക്കാരം സാധിക്കുകയെന്നതാണ്. അദ്ദേഹം തന്റെ കത്തിൽ ഇങ്ങനെ എഴുതുന്നു. "നമ്മുടെ സഹോദരങ്ങളുടെ നന്മയ്ക്കായിട്ടാണു ദൈവം ഈ സഭയുടെ സ്ഥാപനത്തിന് തിരുമനസ്സായത് ". അദ്ദേഹത്തിന്റെ സ്ഥാപനലക്ഷ്യം തന്നെ "പരോപകാരത്തിന് ഒരു മഠം" എന്നതായിരുന്നു.

ദൈവിക പരിപാലനയാൽ മാന്നാനത്തെ സന്യാസ സമൂഹത്തിന്റെ കീർത്തി കേരളത്തിലെ മറ്റു സ്ഥലങ്ങളിലേക്കും വ്യാപിച്ചു. അച്ചന്മാരുടെ പുണ്യത്തിലും ശുശ്രൂഷാമനോഭാവത്തിലും ആകൃഷ്ടരായ പല ഇടവകക്കാരും തങ്ങളുടെ നാട്ടിൽ കൊവേന്ത വെയ്ക്കണം എന്ന് ചാവറയച്ചനോട് അപേക്ഷിക്കാൻ തുടങ്ങി. ദൈവജനത്തിന്റെ ആത്മീയ അന്തർദാഹത്തിന് ശമനം വരുത്താൻ ചാവറയച്ചൻ നല്ലവരായ ക്രൈസ്തവസഹോദരങ്ങളുടെ സഹായത്തോടെ വാഴക്കുളം, എൽത്തുരുത്ത്, മുത്തോലി, അമ്പഴക്കാട്, പുളിങ്കുന്ന്, കൂനമ്മാവ് തുടങ്ങിയ സ്ഥലങ്ങളിൽ ആശ്രമം സ്ഥാപിച്ചു.

മാന്നാനം കുന്നിൽ ആശ്രമം സ്ഥാപിച്ച് അധികനാൾ കഴിയും മുമ്പേ 1833-ൽ ചാവറയച്ചൻ മാന്നാനത്ത് കേരളത്തിലെ ആദ്യത്തെ സെമിനാരി തുടങ്ങി. ഒത്തിരി ബുദ്ധിമുട്ടി ധനം സമാഹരിച്ച് പണി തീർത്ത സെമിനാരിയിൽ 150-ൽപരം വിദ്യാർത്ഥികൾക്ക് വൈദികപരിശീലനം നേടാനുള്ള സൗകര്യമുണ്ടായിരുന്നു.

വിശുദ്ധിയും, വിവേകവുമുള്ള അനേകം സന്യസ്ത വൈദികർ ഉണ്ടായിരുന്നെങ്കിലും സഭാസേവനത്തിന് സമർപ്പിതരായ കന്യകകൾ ആരും തന്നെ ഉണ്ടായിരുന്നില്ല. അതിനാൽ സഭാ ശുശ്രൂഷയ്ക്ക് സ്ത്രീകളുടെ കുറവ് പരിഹരിക്കാൻ കന്യകാമഠം സ്ഥാപിക്കാൻ ചാവറയച്ചൻ തീരുമാനിച്ചു. ദൈവപരിപാലനയാൽ ഏലീശായും അന്നയും കന്യകാമഠത്തിൽ ചേരാൻ തയ്യാറാണെന്നും ജീവിതകാലം മുഴുവൻ സമർപ്പിതരായി ദൈവജനത്തെ സേവിച്ചുകൊള്ളാമെന്നുമുള്ള ഉറച്ച തീരുമാനത്തോടെ ചാവറയച്ചനെ സമീപിച്ചു.

തന്നെ സമീപിച്ച കന്യകകളിലൂടെ ദൈവസ്വരം തിരിച്ചറിഞ്ഞ ചാവറയച്ചൻ, ലെയോപോൾദ് മിഷനറിയുടെ സഹകരണത്തോടെ അവർക്കായി പനമ്പും മുളയും ഓലയും ഉപയോഗിച്ച് ഒരു കന്യകാലയം പണിതീർത്തു. അങ്ങനെ 1866 ഫെബ്രുവരി 13-ാം തിയ്യതി വി. അമ്മത്രേസ്യയുടെ നാമത്തിൽ കേരളക്കരയിലെ ആദ്യത്തെ ഏതദ്ദേശീയ കന്യകാലയം കൂനമ്മാവിൽ സ്ഥാപിതമായി. ലോകമെമ്പാടും വിശുദ്ധിയുടെയും സേവനത്തിന്റെയും പൊൻപ്രഭ പരത്തിക്കൊണ്ട് നിലനില്ക്കുന്ന സി.എം.സി. സന്യാസിനീ സമൂഹം ചാവറയച്ചന്റെ ദീർഘവീക്ഷണത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ്.

## പള്ളിക്കൂടങ്ങളുടെ കഥ

പള്ളിതോറും പള്ളിക്കൂടങ്ങൾ വേണമെന്നുള്ളത് ചാവറയച്ചന്റെ നിഷ്ഠയായിരുന്നു. ആ നിർബന്ധബുദ്ധിയുടെ പരിണതഫലമായി അക്ഷരസംസ്കാരത്തിന് ആരംഭം കുറിച്ചുകൊണ്ട് 1846-ൽ മാന്നാനത്ത് ചാവറയച്ചൻ ഒരു സംസ്കൃത വിദ്യാലയം സ്ഥാപിച്ചു. ബ്രാഹ്മണർക്കു മാത്രം സ്വന്തമായിരുന്ന സംസ്കൃത വിദ്യാഭ്യാസം ചാവറയച്ചന്റെ അശ്രാന്ത പരിശ്രമം കൊണ്ടാണ് ക്രൈസ്തവർക്ക് കരഗതമായത്.

സംസ്കൃത വിദ്യാലയങ്ങളും ഇംഗ്ലീഷ് സ്കൂളുകളും എല്ലാ സ്ഥലങ്ങളിലും സ്ഥാപിക്കാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ മലയാളം വിദ്യാലയം ഉണ്ടാകണമെന്ന് ചാവറയച്ചൻ ആശിച്ചു; അതിനായി പ്രയത്നിച്ചു. 1861-ൽ ചാവറയച്ചൻ കേരളസഭയുടെ വികാരി ജനറാൾ ആയപ്പോൾ വിദ്യാഭ്യാസം എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ അദ്ദേഹം കരുക്കൾ നീക്കി. പള്ളിയോട് ചേർന്ന് എല്ലായിടത്തും ഓരോ പള്ളിക്കൂടം നിർബ്ബന്ധമാക്കിക്കൊണ്ടുള്ള കല്പന അദ്ദേഹമയച്ചു. സുറിയാനിപ്പള്ളിയോട് ചേർന്ന് സ്കൂൾ തുടങ്ങിയില്ലെങ്കിൽ വികാരിമാർക്ക് അംശമുടക്കു നല്കുമെന്നും നിശ്ചിത തിയതിക്ക് മുമ്പ് പള്ളിക്കൂടം തുടങ്ങി വിവരമറിയിക്കണമെന്നും അദ്ദേഹം ഉത്തരവിട്ടു. തൽഫലമായി പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ ഉയർന്നുവന്നു. ചാവറയച്ചൻ അന്നു സ്ഥാപിച്ച പള്ളിക്കൂടങ്ങളാണ് ഇന്നും വിദ്യാനികേതനങ്ങളായി അക്ഷരകേരളത്തിന് പ്രത്യാശയുടെ പൊൻവെളിച്ചമായി നിലകൊള്ളുന്നത്. വാസ്തവത്തിൽ ചാവറയച്ചൻ പ്രോജ്ജ്വലിപ്പിച്ച അറിവിന്റെ ആവേശം എത്ര മഹത്താണെന്ന് ഒരു നൂറ്റാണ്ടിനുശേഷം നമുക്കു മനസ്സിലാകുന്നുണ്ട്.

പള്ളിക്കൂടം എന്ന വാക്കുതന്നെ ആ പുണ്യാത്മാവിന്റെ ചിന്തയിൽ നിന്ന് വാർന്നുവീണതാണ്. എന്നാൽ പള്ളിക്കൂടങ്ങളിൽ ദളിത് ക്രൈസ്തവർക്ക് പ്രവേശനം നിഷിദ്ധമായിരുന്നു. ദളിത് ക്രൈസ്തവർക്ക് വിദ്യാഭ്യാസം പോലും സ്വപ്നം കാണാൻ പറ്റാത്ത ആ സാഹചര്യത്തിൽ അവരുടെ സമുദ്ധാരണം ചാവറയച്ചന്റെ ചിരകാലാഭിലാഷമായിരുന്നു. തന്റെ സഹോദരങ്ങൾ അറിവിലും അറിവിലൂടെ ലഭിക്കുന്ന സംസ്കാരത്തിലും ഒട്ടും പിന്നിലാകരുതെന്ന് കരുതി ആർപ്പൂക്കര തുരുത്തുമാലിക്കുന്നിൽ ദളിത് ക്രൈസ്തവർക്കായി ഒരു വിദ്യാലയം സ്ഥാപിച്ചു. സാമ്പത്തികമായി പരാധീനതയിൽ കഴിഞ്ഞിരുന്ന ദളിത് ക്രൈസ്തവരുടെ കുഞ്ഞുങ്ങളെ സാമ്പത്തികസഹായം നല്കിയും ചാവറയച്ചൻ പഠിപ്പിച്ചു. ധാരാളം സംഭാവനകളും ചാവറയച്ചന്റെ വിദ്യാദാന പ്രവർത്തനങ്ങളിലേക്ക് ഉദാരമതികൾ കൊടുക്കാൻ തയ്യാറായി.

പാവപ്പെട്ട കുട്ടികൾക്ക് ഉച്ചഭക്ഷണം നല്കുന്നതിനുവേണ്ടി 'പിടിയരി' സമ്പ്രദായം ചാവറയച്ചൻ നടപ്പിലാക്കി. ചോറിനോ കഞ്ഞിക്കോ വേണ്ടി അരിയെടുക്കുമ്പോൾ ഒരു പിടി അരി ഉണ്ണീശോയുടെ നിശ്ചിതപ്രാർത്ഥന ചൊല്ലി ഒരു പാത്രത്തിൽ ഇടണം. ഇവ മാസത്തിലൊരിക്കൽ ശേഖരിച്ച് പാവപ്പെട്ട കുട്ടികൾക്ക് കഞ്ഞി കൊടുക്കാൻ ഉപയോഗിച്ചു. ചാവറയച്ചൻ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച പിടിയരി ഇന്നും വിൻസന്റ് ഡി പോൾ സംഘടന തുടർന്നു പോരുന്നുണ്ട്. ഇന്ന് സ്കൂളിൽ കുഞ്ഞുങ്ങൾക്ക് ലഭിക്കുന്ന ഉച്ചക്കഞ്ഞി ആ പാവനാത്മാവിന്റെ മനോമുകുരത്തിൽ നിന്ന് കടം കൊണ്ടതായിരിക്കുമോ?

കേരളസഭയുടെ വിശ്വാസസംരക്ഷണത്തിൽ ചാവറയച്ചന് അതുല്യമായ സ്ഥാനമുണ്ട്. 1861-ൽ റോക്കോസ് ശീശ്മയെ ഉന്മൂലനം ചെയ്യുന്നതിന് ഏറ്റവും പ്രധാനപ്പെട്ട പങ്കുവഹിച്ചത് ചാവറയച്ചനും അദ്ദേഹത്തിന്റെ സഭാംഗങ്ങളുമായിരുന്നു.

## മുദ്രണാലയ പ്രേഷിതൻ

ക്രാന്തദർശിയായ ചാവറയച്ചന്റെ ദീർഘവീക്ഷണത്തിന് ഉത്തമ ഉദാഹരണമാണ് മുദ്രണാലയപ്രേഷിതപ്രവർത്തനം. ക്രൈസ്തവർക്ക് ഒരു പ്രസ്സ് അന്യമായിരുന്ന അക്കാലത്ത് എന്തു ത്യാഗം സഹിച്ചും അത് നേടിയെടുക്കാനുള്ള അർപ്പണമനോഭാവത്തോടെ തുനിഞ്ഞിറങ്ങിയ ചാവറയച്ചന്റെ വിജയം കേരള ക്രൈസ്തവരുടെ എന്നല്ല,

ആഗോളസഭക്കുതന്നെ ഒരു മുതൽക്കൂട്ടാണ്. സദ്ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിലൂടെ ധാർമ്മികോന്നതി നേടാൻ കഴിയുമെന്ന വിശ്വാസം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകർന്നു.

സാമ്പത്തികക്ലേശം അനുഭവിച്ചുകൊണ്ടിരുന്ന ആ ദശാസന്ധിയിൽ അത്തരമൊരു സംരംഭം ഒരു സാഹസമായിരുന്നു. എന്നാൽ ജനത്തിന്റെ പ്രബുദ്ധതയും ആത്മീയ നവീകരണവും ലക്ഷ്യം വെച്ച ചാവറയച്ചനെ ഒരു പ്രാരാബ്ധത്തിനും തളർത്താനായില്ല; പിടിച്ചുനിർത്താനായില്ല. അദ്ദേഹം തിരുവനന്തപുരത്ത് ചെന്ന് സർക്കാർ വക പ്രസ്സ് കാണുകയും മാന്നാനത്ത് തിരിച്ചുവന്ന് വാഴപ്പിണ്ടികൊണ്ട് അച്ചടിയന്ത്രത്തിന്റെ മാതൃക സ്വയം ഉണ്ടാക്കി വിദഗ്ധനായ ഒരു ആശാരിയെ കാണിച്ച് ആ മാതൃകയിൽ മരംകൊണ്ട് പ്രസ്സ് പണിയുകയുമാണ് ചെയ്തത്. 1846-ൽ മാന്നാനത്ത് സ്ഥാപിതമായ ആ പ്രസ്സിൽ മുദ്രണം ചെയ്ത ആദ്യത്തെ ഗ്രന്ഥമാണ് 'ജ്ഞാനപീയൂഷം'.

ചാവറയച്ചൻ തീർത്ത മരപ്രസ്സിൽനിന്ന് അനേകം പ്രാർത്ഥനാപുസ്തകങ്ങളും, വിശുദ്ധരുടെ ജീവചരിത്രങ്ങളും, നസ്രാണിദീപിക, കർമ്മലകുസുമം തുടങ്ങിയ പ്രസിദ്ധീകരണങ്ങളും വെളിച്ചം കണ്ടു. സമ്പർക്ക മാദ്ധ്യമങ്ങളുടെ ശക്തി അടുത്തനുഭവിച്ചറിഞ്ഞ ചാവറയച്ചന്റെ ദീർഘവീക്ഷണത്തിൽ നിന്നാകണം ഇന്ന് മാദ്ധ്യമരംഗത്ത് തിരുസഭ നടത്തുന്ന നൂതന സമ്പർക്ക മാദ്ധ്യമങ്ങളുടെ വേര് എന്നു തോന്നുന്നു. ജീവൻ ടി.വി. പോലുള്ള ആധുനിക ദൃശ്യ ശ്രാവ്യ മാദ്ധ്യമങ്ങൾ മനുഷ്യമനസ്സിനെ സംസ്കരിക്കുന്നതിനും ധാർമ്മികമൂല്യങ്ങൾ നിലനിറുത്തുന്നതിനും ഏറെ സഹായിക്കുമെന്നതിൽ സംശയമില്ല.



# 3 മനുഷ്യസ്നേഹിയുടെ സാമൂഹ്യദർശനം

നിഷ്പക്ഷമായി നില്ക്കാൻ കഴിയുന്നവരാണ് മഹാൻമാർ. വിശാലഹൃദയത്തിന്റെയും നീതിബോധത്തിന്റെയും ഉടമയായ ചാവറയച്ചൻ വസ്തുനിഷ്ഠമായും ഒരു മഹാൻ ആയിരുന്നു

എന്നതിൽ രണ്ടുപക്ഷമില്ല. പാവപ്പെട്ടവരോടും സമൂഹത്തിലെ അധഃകൃതരോടുമുള്ള അദ്ദേഹത്തിന്റെ മനോഭാവം കരുണയുടേതും നീതിയുടേതുമായിരുന്നു. ഭിക്ഷക്കാരൻ വെറുംകയ്യോടെ നിന്റെ വീട്ടിൽനിന്നും പോകാൻ സമ്മതിക്കരുത്.... പാവപ്പെട്ടവരെ നിന്ദിക്കുകയോ ബുദ്ധിമുട്ടിക്കുകയോ അരുത് എന്ന് 'ചാവരുളിൽ' എഴുതിവെച്ച ചാവറയച്ചന്റെ മനുഷ്യസ്നേഹം നിയമത്തിന് പുറത്തും നിർലോഭം സ്നേഹിക്കാൻ കഴിയുന്ന ഒരു യോഗിവര്യന്റേതാണ്. ഇവയ്ക്കു പുറമെ കൈനകരിയിൽ ചാവറയച്ചൻ സ്ഥാപിച്ച സാധുമന്ദിരം സാധുജനപരിപാലനത്തിനുള്ള അദ്ദേഹത്തിന്റെ അഭിവാഞ്ഛയുടെ സ്മാരകമായി നിലകൊള്ളുന്നു.

സവർണ്ണഹിന്ദുക്കളുടെ മനുഷ്യത്വരഹിതമായ പ്രവൃത്തികൾമൂലം ചൂഷണം ചെയ്യപ്പെട്ടിരുന്ന അധഃകൃതരെ ഉദ്ധരിക്കുക എന്നത് ചാവറയച്ചന്റെ ഒരു സ്വപ്നമായിരുന്നു. അതിനായി അദ്ദേഹം മാന്നാനം ആശ്രമത്തിനടുത്തും ആർപ്പൂക്കരയിലെ തുരുത്തുമാലിക്കുന്നിലും അധഃകൃതർക്കുവേണ്ടി പ്രത്യേകം സ്കൂളുകൾ സ്ഥാപിച്ചുവെന്നത് നേരത്തെ സൂചിപ്പിച്ചതാണല്ലോ. ഇവയെല്ലാം വിളിച്ചോതുന്ന സത്യം പരസ്നേഹത്തിന്റെ ചാവറശൈലിയല്ലാതെ മറ്റൊന്നുമല്ല.

ക്രൈസ്തവസാമൂഹ്യദർശനം സ്നേഹത്തിലധിഷ്ഠിതമാണ്. അത് സത്യത്തിൽ നിന്ന് ഉയിർകൊള്ളുന്നു. കാലത്തിന്റെ ചുവരെഴുത്തുകൾക്കനുസൃതമായി കർമ്മജീവിതത്തിന്റെ പഥത്തിൽ സ്നേഹത്തിന്റെ തിരികൊളുത്താൻ ചാവറയച്ചന് കഴിഞ്ഞത് താൻ ജീവിക്കുന്ന സാമൂഹിക പരിതോവസ്ഥയെക്കുറിച്ചുള്ള വ്യക്തമായ വീക്ഷണം മൂലമായിരുന്നു. അനീതിയും അധർമ്മവും കൊണ്ട് കലുഷിതമായിരുന്ന സാഹചര്യത്തിൽ, നീതിയുടെ തത്വശാസ്ത്രം സ്നേഹത്തിന്റെ മാഗ്നാകാർട്ട പോലെ മാനവഹൃദയങ്ങളിൽ മുദ്രിതമാക്കാൻ ആ നല്ല പിതാവ് എത്രമാത്രം ശ്രമിച്ചുവെന്ന് അദ്ദേഹത്തിന്റെ 'ചാവരുൾ' സാക്ഷിക്കുന്നു.

നീതി നിഷ്ഠമായ തൊഴിൽ ബന്ധങ്ങൾ, സാമൂഹികസമത്വം തുടങ്ങിയവയുടെയെല്ലാം ഉജ്ജ്വലപ്രഘോഷണമാണ് പ്രസ്തുത കൃതി. "അന്യർക്ക് നന്മചെയ്യാൻ സാധിക്കാത്ത ദിനം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ എണ്ണത്തിൽ കണക്കു കൂട്ടുകയില്ല", "വേലക്കാർക്കു ന്യായമായ കൂലി കൊടുക്കണം", "പാവപ്പെട്ടവരെ നിന്ദിക്കുകയോ ബുദ്ധിമുട്ടിക്കുകയോ അരുത്. അവരുടെ കണ്ണീരു കണ്ടാൽ ദൈവം

നിശ്ചയമായും നിന്നോട് പ്രതികാരം ചെയ്യും"; "ഉള്ളതുകൊണ്ട് തൃപ്തിപ്പെടണം"; "ന്യായമായ അദ്ധ്വാനം കൊണ്ട് അത് വർദ്ധിപ്പിക്കുകയാണ് വേണ്ടത്". ഇത്തരം അമൂല്യസൂക്തങ്ങൾ അദ്ദേഹം അന്ന് സ്വീകരിച്ച നവീകരണ പദ്ധതികളുടെ സമ്പൂർണ്ണ സന്ദേശങ്ങളാണ്.

മനുഷ്യന്റെ വിമോചനമായിരുന്നു വാഴ്ത്തപ്പെട്ട ചാവറയച്ചന്റെ ലക്ഷ്യം. അതിനുവേണ്ടി ഒരു ജന്മം മുഴുവൻ വ്യയം ചെയ്ത മനുഷ്യസ്നേഹിയാണ് ചാവറയച്ചൻ. വർഗ്ഗസമരത്തിന്റേയും, ചാതുർവർണ്ണ്യത്തിന്റേയും നടുവിൽ വർഗ്ഗം മറന്ന്, വർണ്ണം മറന്ന് മനുഷ്യരെ സമുദ്ധരിക്കാൻ അവരുടെ ഉന്നമനത്തിനായി നിലകൊള്ളാൻ സർവ്വോപരി ദൈവത്തിലേക്ക് അടുപ്പിക്കാൻ സാംസ്കാരിക കേരളത്തിന്റെ നവോദ്ധാരകനായ ചാവറയച്ചന് കഴിഞ്ഞുവെന്നതിൽ നമുക്ക് അഭിമാനിക്കാം. ആ മനുഷ്യസ്നേഹി കൊളുത്തിവെച്ച സമഗ്രവിമോചനത്തിന്റെ പ്രകാശനാളങ്ങൾ കെടുത്തിക്കളയാതിരിക്കാനും കൂടുതൽ ശോഭയോടെ കത്തിച്ച് മനുഷ്യർക്ക് വെളിച്ചമായിത്തീരാനുമുള്ള കടമ ഇന്നും നമ്മിൽ നിക്ഷിപ്തമായിരിക്കുന്നു.



# 4 ദൈവിക മനുഷ്യൻ

ഋഷിമാരുടെ പുണ്യഭൂമിയായ ഭാരതത്തിൽ സ്നേഹസംസ്കാരത്തിന്റെ ഭദ്രദീപം കൊളുത്തിയ യുഗപ്രഭാവനാണ് വാഴ്ത്തപ്പെട്ട ചാവറയച്ചൻ. ഭാരതം ഉച്ചനീചത്വത്തിന്റെ അന്ധകാരത്തിൽ അമർന്ന കാലഘട്ടത്തിൽ, നിഷ്കാമകർമ്മത്തിലൂടെ തന്റെ സ്വതഃസിദ്ധമായ ശൈലീപ്രഭാവത്തിലൂടെ ഒരു തലമുറയെത്തന്നെ സമുദ്ധരിക്കാൻ ചാവറയച്ചനു കഴിഞ്ഞുവെന്നുള്ളത് അവിതർക്കിതമായ വസ്തുതയാണ്. വേദനിക്കുന്നവന് ആശ്വാസവും, വിശക്കുന്നവന് അപ്പവും, ആലംബഹീനന് ആശ്രയവും, ആശ്രിതർക്ക് ശരണവും നല്കിക്കൊണ്ട് പരോന്മുഖതയിലൂടെ ദൈവോന്മുഖതയിലേക്ക് ഉയർന്ന ചാവറയച്ചൻ ജീവിക്കുന്ന വിശുദ്ധനായിരുന്നു.

ഓടിനടന്ന് നന്മ ചെയ്തപ്പോഴും പ്രാർത്ഥനയുടെ ഒരു മനുഷ്യനായിട്ടാണ് അദ്ദേഹം അറിയപ്പെട്ടത്. അതിനാൽ വളരെ ആളുകൾ അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ ഓടിക്കൂടുമായിരുന്നു. തങ്ങളുടെ കുടുംബപ്രശ്നങ്ങൾ തീർക്കാൻ വിളിച്ചുകൊണ്ടു പോകുമായിരുന്നു; എല്ലാറ്റിന്റേയും അവസാനവാക്ക് ആ വിശുദ്ധാത്മാവിന്റെ അധരത്തിൽനിന്നും പൊഴിയുന്ന വിവേകം നിറഞ്ഞ തീരുമാനമായിരുന്നു.

ചാവറയച്ചന്റെ കൂടെ വസിച്ചവർ അദ്ദേഹത്തെ വിശുദ്ധനായിട്ടാണ് കരുതിപ്പോന്നത്. ചാവറയച്ചന്റെ വാക്കും ചെയ്തിയും സ്നേഹമസൃണവും ഹൃദയാവർജ്ജകവുമായിരുന്നു. തന്റെ ദൈവാനുഭവത്തിലൂടെ കൂടപ്പിറപ്പുകളെ ദൈവികമേഖലയിലേക്ക് കൈപിടിച്ചു നടത്താൻ ചാവറയച്ചനു സാധിച്ചു.

ചാവറയച്ചന്റെ ജീവിതവിശുദ്ധിയെക്കുറിച്ച് അദ്ദേഹത്തിന്റെ ആത്മീയഗുരുവായ ലെയോപോൾദച്ചന്റെ സാക്ഷ്യം വളരെ വിലപ്പെട്ടതാണ്. ജീവിക്കുന്ന വിശുദ്ധനെ ചാവറയച്ചനിൽ ദർശിച്ച ലെയോപോൾദച്ചൻ ചാവറയച്ചന്റെ മരണശേഷം തന്റെ ഡയറിയിൽ ഇപ്രകാരം എഴുതി. "ഇന്ന് 1871 ജനുവരി മൂന്നിന് തിരുക്കുടുംബത്തിന്റെ ഫാ. കുര്യാക്കോസ് ഏലിയാസ് പ്രഥമ പ്രിയോർ അത്യന്തം നിർമ്മലമായ ജീവിതത്തിനുശേഷം നിര്യാതനായി. മാമ്മോദീസായിൽ തനിക്കു ലഭിച്ച വിശുദ്ധി ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ലെന്ന് മരണത്തിനു മുമ്പ് ഏറ്റുപറയാൻ അദ്ദേഹത്തിനു കഴിഞ്ഞു. എല്ലാ സുകൃതങ്ങളും വിശിഷ്യ ഹൃദയലാളിത്യം, സജീവ വിശ്വാസം, ആഴമുള്ള അനുസരണം, പരി. കുർബ്ബാനയോടും, പരി. കന്യാമറിയത്തോടും വി. യൗസേപ്പിനോടുമുള്ള ആർദ്രമായ ഭക്തി എന്നിവ അദ്ദേഹം അഭ്യസിച്ചിരുന്നു. മലയാളത്തിലെ ക്രിസ്ത്യാനികളുടെ നന്മക്കുവേണ്ടി വളരെയേറെ കഷ്ടപ്പാടുകൾ ഇദ്ദേഹം സഹിച്ചിട്ടുണ്ട്. മലബാറിലെ കർമ്മലീത്താ സഭയുടെ സ്ഥാപകനും പ്രഥമപ്രിയോരുമാണിദ്ദേഹം. വളരെ പ്രയാസങ്ങൾ സഹിച്ച് സന്യാസിനികൾക്കുവേണ്ടിയും ഒരു സഭ ഇദ്ദേഹം സ്ഥാപിച്ചു. സ്ഥായിയായ സുകൃതങ്ങൾ, വിജ്ഞാനം, സുറിയാനി ഭാഷയിലുള്ള അഗാധമായ ജ്ഞാനം എന്നിവമൂലം മലബാറിലെ സുറിയാനിക്കാരുടെ മേൽ വലിയ സ്വാധീനമാണ് ഇദ്ദേഹത്തിന് ഉണ്ടായിരുന്നത്. ഭൗതിക വസ്തുക്കളോടുള്ള ക്രമവിരുദ്ധമായ സ്നേഹത്തിൽ നിന്നും വിമുക്തനായിരുന്നു അദ്ദേഹം. അന്ത്യകൂദാശകൾ അസാധാരണമായ ഭക്തിയോടും വിശുദ്ധിയോടും കൂടെ സ്വീക

ിച്ച ശേഷം തന്നെ അറിയുന്നവരെ, പ്രത്യേകിച്ച് എന്നെ, കണ്ണീരിലാഴ്ത്തിക്കൊണ്ട് സ്വർഗ്ഗീയ സന്തോഷത്തോടെ 65-ാം വയസ്സിൽ ഇദ്ദേഹം അന്ത്യശ്വാസം വലിച്ചു. ഇവിടെ കൂനമ്മാവ് പള്ളിയിൽ സംസ്കരിക്കുകയും ചെയ്തു. വിശുദ്ധവും മനോഹരവുമായ ആത്മാവേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ.'' ഈ ഡയറിക്കുറിപ്പ് ചാവറയച്ചന്റെ വിശുദ്ധിയെ വിളിച്ചറിയിക്കുന്നു. ചാവറയച്ചൻ വിശുദ്ധനാണ് എന്ന് ഉറച്ച ബോധ്യമുണ്ടായിരുന്നതിനാൽ ലെയോപോൾദച്ചൻ ചാവറയച്ചന്റെ പെരുമാറ്റ സാധനങ്ങൾ തിരുശേഷിപ്പു പോലെ സൂക്ഷിക്കുകയും അവ ഭാഗിച്ച് എല്ലാ കൊവേന്തകളിലേക്കും അയച്ചു കൊടുക്കുകയും ചെയ്തു.

വാഴ്ത്തപ്പെട്ട ചാവറയച്ചനെ ദൈവികമനുഷ്യപദവിയിലേക്കുയർത്തിയ രണ്ടു പ്രധാന ഘടകങ്ങളാണ് ദൈവമാതൃ ഭക്തിയും വി. കുർബ്ബാനയോടുള്ള ഭക്തിയും. മാതൃഭക്തിയിൽ ചാവറയച്ചനെ വളർത്തിക്കൊണ്ടുവന്നത് ചാവറയച്ചന്റെ അമ്മയുടെ പുണ്യമായിരുന്നു. പാതിരാത്രിയിൽ ഉറക്കമിളച്ചിരുന്ന് കൊന്ത ചൊല്ലുന്ന ആ നല്ല അമ്മയുടെ മാതൃക ചാവറയച്ചനെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. ആ നല്ല അമ്മ തന്നെയാണ് ചാവറയച്ചന് നന്മനിറഞ്ഞ മറിയവും ശുദ്ധമാന മറിയവും കൊച്ചുനാളിൽ ചൊല്ലിക്കൊടുത്ത് പഠിപ്പിച്ചത്. ശിശുവായിരുന്നപ്പോൾ വെച്ചൂർ പള്ളിയിൽ ദൈവമാതാവിന് അടിമ വെച്ചതും ചാവറയച്ചനിൽ താൻ മാതാവിന്റെ പുത്രനാണെന്ന ആഴമായ ബോധ്യം ഉളവാക്കി. വീട്ടിൽ നിന്ന് സെമിനാരിയിൽ പ്രവേശിച്ച ചാവറയച്ചനെ സെമിനാരിയിലെ മാതൃസ്വരൂപം മാടി വിളിക്കുന്നതായി അനുഭവപ്പെട്ടു.

ജീവിതത്തിന്റെ പ്രതിസന്ധികളിൽ പരി. അമ്മ ചാവറയച്ചന് എന്നും കൂട്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവിതം സാക്ഷിയാണ്. ചാവറയച്ചന്റെ അമ്മയും ഏകസഹോദരനും സാംക്രമികരോഗത്തിനടിപെട്ട് മരണമടഞ്ഞപ്പോൾ ഹൃദയം തകർന്ന ചാവറയച്ചൻ മനമുരുകി പ്രാർത്ഥിച്ചത് പരി. അമ്മയോടായിരുന്നു. ''ഞാനല്ലേ ഇനി മുതൽ നിന്റെ അമ്മ'' എന്ന് ആരോ ഉള്ളിൽ മന്ത്രിക്കുന്നതായി ചാവറയച്ചന് അനുഭവപ്പെട്ടു. ചാവറയച്ചന് നഷ്ടപ്പെട്ട ധൈര്യവും ആത്മവിശ്വാസവും തിരികെ കിട്ടി. മാതാവിന്റെ സഹായത്താൽ പലപ്പോഴും ''മലപോലെ വന്ന കാര്യം പൂ പോലെയായി'' എന്നു ചാവറയച്ചൻ പറയാറുണ്ടായിരുന്നു.

മരിയഭക്തനായ ചാവറയച്ചൻ താൻ സ്ഥാപിച്ച രണ്ട് സഭകൾക്കും മാതാവിന്റെ പേര് ചേർക്കുന്നതിൽ ദത്തശ്രദ്ധനായിരുന്നു.

അദ്ദേഹത്തിന്റെ കൃതികളിൽ പ്രത്യേകമായി 'ആത്മാനുതാപ'ത്തിൽ വാചാലമായ മാതൃവർണ്ണന നടത്തുന്നുണ്ട്.

ദൈവമാതൃഭക്തി പോലെ തന്നെ ചെറുപ്പം മുതൽ ചാവറയച്ചനിൽ വിളങ്ങിയിരുന്ന മറ്റൊരു സുകൃതമാണ് ദിവ്യകാരുണ്യഭക്തി. ദിവ്യകാരുണ്യസന്നിധിയിൽ മണിക്കൂറോളം ധ്യാനനിർലീനനായിരിക്കാൻ ചാവറയച്ചനു കഴിഞ്ഞിരുന്നു. വി. ബലി ഭക്തിയോടെ അർപ്പിക്കുക, വി. കുർബ്ബാനയുടെ സന്നിധിയിൽ ഇടക്കിടെ വിസീത്ത നടത്തുക ചാവറയച്ചന്റെ അനുദിന ജീവിതത്തിലെ നിർബ്ബന്ധ പരിപാടികളായിരുന്നു. ദിവ്യകാരുണ്യഭക്തി പ്രചരിപ്പിക്കാൻ അദ്ദേഹം പല കർമ്മ പരിപാടികളും നടപ്പാക്കി. അവയിൽ പ്രധാനമായത് ദിവ്യബലിയർപ്പണം ഏകീകരിച്ചതാണ്. ചാവറയച്ചന്റെ കാലം വരെ വൈദികർ പല രീതിയിലാണ് ബലിയർപ്പണം നടത്തിയിരുന്നത്. ചാവറയച്ചൻ വികാരി ജനറാളായപ്പോൾ നൂറിൽപ്പരം നിർദ്ദേശങ്ങളോടെ അനുഷ്ഠാനരീതി പ്രസിദ്ധീകരിക്കുകയും വ്യത്യസ്തരീതിയിൽ നടന്നിരുന്ന ബലിയർപ്പണത്തെ ഏകീകരിക്കുകയും ചെയ്തു. മാസാദ്യവെള്ളിയാഴ്ചകളിൽ ആരാധന തിരുമണിക്കൂർ നടപ്പാക്കിയതും ചാവറയച്ചനാണ്. ദിവ്യകാരുണ്യ ഭക്തി വളർത്താൻ കേരളത്തിലെ പല കൊവേന്തപ്പള്ളികളിലും 40 മണിക്കൂർ ആരാധന ആരംഭിച്ചു. തന്മൂലം ആയിരങ്ങൾ ദിവ്യകാരുണ്യ സന്നിധിയിൽ ചെന്നിരുന്ന് തങ്ങളുടെ ഭാരങ്ങൾ സ്നേഹനിധിയായ ഈശോയുടെ മുമ്പിൽ കാഴ്ചവെച്ച് മനശ്ശാന്തിയോടെ മടങ്ങുന്നു.



# 5 കവിത നിറഞ്ഞ മനസ്സ്

സന്യാസസഭാസ്ഥാപകൻ, വിദ്യാഭ്യാസ വിചക്ഷണൻ, ദൈവികമനുഷ്യൻ, പണ്ഡിതൻ, സംഘാടകൻ എന്നീ നിലകളിലെല്ലാം ശോഭിച്ച ചാവറയച്ചൻ അനുഗൃഹീത കവി കൂടിയായിരുന്നു. കവിത നിറഞ്ഞ മനസ്സ് അദ്ദേഹത്തിന് ജന്മസിദ്ധമായിരുന്നു. 'ആത്മാനുതാപം', 'അനസ്താസ്യയുടെ രക്തസാക്ഷിത്വം', 'മര

ണവീട്ടിൽ പാടുന്നതിനുള്ള പാന' എന്നീ മൂന്നു കാവ്യകൃതികൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് കൈരളിക്കു ലഭിച്ച അമൂല്യ രത്നങ്ങളാണ്. കവിതാസാഹിത്യചരിത്രത്തിൽ മലയാളത്തിലെ ആദ്യത്തെ ഖണ്ഡകാവ്യമാണ് 'അനസ്താസ്യായുടെ രക്തസാക്ഷിത്വം' എന്ന വസ്തുത ഈ കൃതിയുടെ മൂല്യത്തിന് മാറ്റു കൂട്ടുന്നു.

'ആത്മാനുതാപം' ദൈവചൈതന്യം നിറഞ്ഞു തുളുമ്പുന്ന ഒരാത്മാവിന്റെ അനുതാപ കീർത്തനമാണ്. യേശുവിനും മാതാവിനും നേരിട്ട ദുഃഖത്തിനു കാരണം തന്റെ പാപങ്ങളാണ് എന്നേറ്റു പറഞ്ഞ് മനം നൊന്ത് കരയുന്ന കവിയെയാണ് ആത്മാനുതാപത്തിൽ കാണാനാവുക. ആത്മീയത നിറഞ്ഞുനില്ക്കുന്നചാവറയച്ചന്റെ കാവ്യധാര വായനക്കാരെ മിസ്റ്റിക്ക് അനുഭൂതിയിലേക്ക് നയിക്കുന്നുവെന്നുള്ളത് എടുത്തു പറയാതെ നിർവ്വാഹമില്ല. 'ധ്യാന സല്ലാപങ്ങളും' 'നാളാഗമങ്ങളും' 'ചാവരുളും' 'ചാവറയച്ചന്റെ കത്തുകളും' അദ്ദേഹത്തിന്റെ ഗദ്യകൃതികളിൽ പെടുന്നവയാണ്.

CARMEL JYOTHI
ALWAYE
THAIKKATTUKARA

# 6  ചാവറനക്ഷത്രം

കൃപകളുടെ അനുഗ്രഹവർഷമായ ആ ധന്യജീവിതം 65 കൊല്ലം ഏവർക്കും പ്രചോദനം പകർന്നുകൊണ്ട് മലയാളക്കരയിൽ അങ്ങോളമിങ്ങോളം പ്രഭ വിതറി. തന്റെ ജീവിതസായാഹ്നം അടുത്തുവെന്ന് മനസ്സിലാക്കിയ ചാവറയച്ചൻ തന്നെ ശുശ്രൂഷിക്കുന്നവരെയും സഹചരെയും കൂടുതൽ കൂടുതൽ സ്നേഹിച്ചു. സഹസന്യാസികൾ ആ പുണ്യപിതാവിന്റെ സാമീപ്യം അതിയായി ആഗ്രഹിച്ച് അദ്ദേഹത്തോടൊപ്പമായിരിക്കാൻ പരമാവധി ശ്രമിച്ചു. 1871 ജനുവരി 2-ന് ചാവറയച്ചൻ അവസാനമായി കുമ്പസാരിച്ച് കുർബ്ബാന സ്വീകരിച്ചു. ചുറ്റും കൂടിയ ആശ്രമവാസികൾ വിങ്ങിപ്പൊട്ടി. ശാന്തനായിരുന്ന് അദ്ദേഹം തന്റെ മരണമൊഴികൾ കൂടപ്പിറപ്പുകൾക്ക് നല്കി ആശീർവദിച്ചു. 1871

ജനുവരി 3-രാവിലെ ഏഴു മണിയോടെ ഭാവപ്പകർച്ച ഉണ്ടാവുകയും 'ഈശോ മറിയം' ചൊല്ലിക്കൊണ്ട് അദ്ദേഹം തന്റെ ആത്മാവിനെ ദിവ്യനാഥന്റെ കരങ്ങളിൽ ഭരമേല്പിക്കുകയും ചെയ്തു.

പിറ്റേന്ന് 4-ാം തിയ്യതി 11 മണിയോടെ ശവസംസ്കാരശുശ്രൂഷ ആരംഭിച്ചു. ചാവറ യൗസേപ്പച്ചന്റെ നേതൃത്വത്തിൽ കർമ്മങ്ങളാരംഭിച്ചു. കാപ്പിൽ മത്തായി അച്ചൻ ചരമപ്രസംഗം നടത്തി. ''ഇന്നു മലയാളത്തിന്റെ കൊടി വീണിരിക്കുന്നു'' എന്നു തുടങ്ങി ഒരു മണിക്കൂർ ആ പുണ്യാത്മാവിന്റെ സുകൃതങ്ങളെക്കുറിച്ച് വാചാലമായി അദ്ദേഹം പ്രസംഗിച്ചു. കേരളത്തിൽ അന്നോളം ഒരു വൈദികനും ലഭിച്ചിട്ടില്ലാത്ത ആഘോഷത്തോടും ആൾക്കൂട്ടത്തോടും കൂടെ ചാവറയച്ചന്റെ സംസ്കാരകർമ്മം നടന്നു. ആ പുണ്യാത്മാവിനെ 1984 ഏപ്രിൽ 7-ന് ധന്യൻ എന്ന പദവിയിലേക്കുയർത്തി. 1986 ഫെബ്രുവരി 8-ന് ജോൺപോൾ രണ്ടാമൻ പാപ്പാ കോട്ടയം നാഗമ്പടം മൈതാനിയിൽ വെച്ച് ധന്യനായ ചാവറയച്ചനെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ചേർത്തു. വാഴ്ത്തപ്പെട്ട ചാവറയച്ചൻ ആയിരങ്ങൾക്ക് വെളിച്ചം പകർന്ന് അനുഗ്രഹം ചൊരിഞ്ഞ് പരിശുദ്ധ അമ്മയുടെ സ്വർണ്ണകിരീടത്തിലെ ഒളി മങ്ങാത്ത നക്ഷത്രമായി പ്രശോഭിക്കുന്നു.

ഈശ്വരോപാസനയും മനുഷ്യോപാസനയും വ്യത്യസ്തഘടകങ്ങളല്ലെന്നും ഈശ്വരോപാസനയിൽനിന്ന് മനുഷ്യോപാസന കരുത്താർജ്ജിക്കണമെന്നുമായിരുന്നു ചാവറയച്ചന്റെ ദർശനം. ചാവറയച്ചന്റെ വീക്ഷണം ഉൾക്കൊണ്ട് മനുഷ്യ സേവനത്തിലൂടെ ഈശ്വരസേവനം പൂർത്തിയാക്കുവാൻ നമുക്കു സന്നദ്ധരാകാം.

●◆●

# ചാവറ നക്ഷത്രം

ഫാ. ജോഷി കണ്ണൂക്കാടൻ CMI

## ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ

| | |
|---|---|
| ജനനം - കൈനകരി | ഫെബ്രുവരി 10, 1805 |
| പൗരോഹിത്യസ്വീകരണം | നവംബർ 29, 1829 |
| സി. എം. ഐ. സഭാസ്ഥാപനം | മെയ് 11, 1831 |
| കേരളത്തിലെ പ്രഥമ വ്യവസ്ഥാപിത സെമിനാരി സ്ഥാപനം | 1833 |
| കേരളകത്തോലിക്കരുടെ പ്രഥമ വിദ്യാലയ സ്ഥാപനം | 1846 |
| കേരളകത്തോലിക്കരുടെ പ്രഥമ മുദ്രാലയ സ്ഥാപനം | 1846 |
| സുറിയാനി ക്രൈസ്തവരുടെ പ്രഥമ വിശ്വാസപരിശീലനകേന്ദ്രം | 1853 |
| സി.എം.ഐ. സഭയുടെ കാനോനിക സ്ഥാപനം | ഡിസംബർ 8, 1855 |
| സീറോമലബാർ സഭയുടെ പ്രഥമ വികാരി ജനറാൾ | 1861 |
| റോക്കോസ് ശീശ്മയുടെ ഉന്മൂലനാശം | 1861 |
| മലയാള സാഹിത്യത്തിലെ ആദ്യഖണ്ഡകാവ്യം | 1862 |
| ഒരുപള്ളിക്കൊരുപള്ളിക്കൂടം എന്ന കല്പന | 1865 |
| നാല്പതുമണിക്കൂർ ആരാധന ആരംഭം | 1866 |
| സി. എം. സി. സന്യാസിനി സഭാസ്ഥാപനം | ഫെബ്രുവരി 13, 1866 |
| കേരള ക്രൈസ്തവരുടെ പ്രഥമ അഗതിമന്ദിരം | 1869 |
| മരണം - കൂനമ്മാവ് | ജനുവരി 3, 1871 |
| വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപനം | ഫെബ്രുവരി 8, 1986 |
| തിരുനാൾ ദിനം | ജനുവരി 3 |

Published by
GENERAL DEPARTMENT OF EDUCATION
MEDIA OF COMMUNICATION
CMI Prior General's House, Kochi - 682 011

K, 5